# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 02 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### ജില്ലയിൽ രണ്ട് ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ പ്രവർത്തനം തുടങ്ങി
## അർഹതയുള്ള മുഴുവനാളുകൾക്കും പട്ടയം നൽകും: റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരൻ

അർഹതയുള്ള മുഴുവനാളുകൾക്കും ഭൂമിയുടെ അവകാശം നൽകുകയെന്നതാണ് സർക്കാരിന്റെ നിലപാടെന്നും ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കി അമ്പതാണ്ട് പൂർത്തിയാവുന്ന വേളയിലും ഭൂമിയുടെ അവകാശം ലഭിക്കാത്തവരുണ്ട് എന്നത് ഒരു പ്രശ്നമാണെന്നും ഇത് പരിഹരിക്കുമെന്നും റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. തൃശൂർ ജില്ലയ്ക്ക് പുതുതായി അനുവദിച്ച രണ്ട് ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജന്മിത്വം അവസാനിപ്പിച്ചിട്ട് അരനൂറ്റാണ്ടായിട്ടും ജന്മിമാരെ അന്വേഷിച്ച് നടന്ന് കൈവശവകാശ കേസുകൾ അനന്തമായി നീളുന്ന സ്ഥിതിയാണുള്ളത്. ഇത് അവസാനിപ്പിക്കണം. ജന്മിമാരെ കാത്തിരിക്കേണ്ടതില്ല. ഒന്നോ രണ്ടോ സിറ്റിംഗിനുള്ളിൽ പ്രശ്നം പരിഹരിച്ച് പട്ടയം നൽകാനുള്ള നടപടികൾ കൈകൊള്ളണം.

മലബാറിലാണ് കൂടുതൽ പട്ടയ അപേക്ഷയുള്ളത് അത് കൊണ്ടാണ് അപേക്ഷകൾ കുറവായ തിരുവിതാകൂർ ജില്ലകളിലെ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ മലബാറിലേക്ക് മാറ്റി സ്ഥാപിച്ചത്. കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഇനി ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾക്ക് കഴിയണം. സർക്കാർ അധികാരമേൽക്കുമ്പോൾ 240000 അപേക്ഷകളാണ് പട്ടയത്തിനായി ഉണ്ടായിരുന്നത്. ഇതിൽ ഒരു ലക്ഷത്തിലേറെ അപേക്ഷകൾ തീർപ്പാക്കി. ഡിസംബർ-ജനുവരിയ്ക്കുള്ളിൽ അമ്പതിനായിരം അപേക്ഷകൾ കൂടെ തീർപ്പാക്കി പട്ടയം നൽകും. പട്ടയ അപേക്ഷകൾ കെട്ടികിടക്കുന്നതൊഴിവാക്കാൻ ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കും.

കുന്നംകുളത്തും ഇരിങ്ങാലക്കുടയിലുമാണ് പുതുതായി ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകൾ തുടങ്ങിയത്. കുന്നംകുളം കക്കാട് മിനി സിവിൽ സ്റ്റേഷനിലാണ് ചാവക്കാട്, കുന്നംകുളം, തലപ്പിള്ളി താലൂക്കൾക്കായുള്ള സ്പെഷ്യൽ തഹസിൽദാർ (ലാൻഡ് റീഫോംസ്) ഓഫീസ് പ്രവർത്തിക്കുക. കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ അങ്കണത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും കുന്നംകുളം എംഎൽഎയുമായ എ സി മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു. എംഎൽഎമാരായ കെ വി അബ്ദുൾ ഖാദർ, മുരളി പെരുനെല്ലി, കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് യു പി ശോഭന, വിവിധ പഞ്ചായത്ത് പ്രസിഡണ്ടുമാർ, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ നേർന്നു. ജില്ലാ കളക്ടർ എസ് ഷാനവാസ് സ്വാഗതവും സബ് കളക്ടർ അഫ്സാന പർവീൺ നന്ദിയും പറഞ്ഞു.

ഇരിങ്ങാലക്കുട മിനി സിവിൽ സ്റ്റേഷൻ അങ്കണത്തിൽ നടന്ന ലാൻഡ് ട്രൈബ്യൂണൽ ഓഫീസ് ഉദ്ഘാടന ചടങ്ങിൽ പ്രൊഫ. കെ യു അരുണൻ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ചാല

ക്കുടി, കൊടുങ്ങല്ലൂർ താലൂക്കുകളാണ് നിലവിൽ ഈ ഓഫീസിന്റെ പരിധിയിലുള്ളത്. മുകുന്ദപുരം താലൂക്ക് കൂടെ ഇരിങ്ങാലക്കുട ലാൻഡ് ട്രൈബ്യൂണൽ ഓഫീസിന്റെ പരിധിയിൽപെടുത്തണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷ സർക്കാർ പരിഗണിക്കുമെന്ന് മന്ത്രി ഇ ചന്ദ്രശേഖരൻ ഉറപ്പ് നൽകി. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ്, ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൺ നിമ്യ ഷിജു, കൊടുങ്ങല്ലൂർ നഗരസഭ ചെയർപേഴ്സൺ കെ ആർ ജൈത്രൻ, ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാരായ വി എ മനോജ്കുമാർ, ഇ കേശവൻകുട്ടി, കെ കെ അബീദലി, കെ എസ് രാധാകൃഷ്ണൻ, എഡിഎം റെജി പി ജോസഫ്, മറ്റ് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ ആശംസ നേർന്നു. ജില്ലാ കളക്ടർ എസ് ഷാനവാസ് സ്വാഗതവും ഇരിങ്ങാലക്കുട ആർഡിഒ സി ലതിക നന്ദിയും പറഞ്ഞു.

## കുന്നംകുളം താലൂക്ക് ആസ്ഥാന മന്ദിരം ഒരു വർഷത്തിനകം പൂർത്തിയാക്കും: മന്ത്രി എ സി മൊയ്തീൻ

കുന്നംകുളം താലൂക്കിന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. കുന്നംകുളം കക്കാട് മിനി സിവിൽ സ്റ്റേഷനിൽ ലാൻറ് ട്രൈബ്യൂണൽ ഓഫീസിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

താലൂക്ക് ആസ്ഥാനമന്ദിരത്തിന് 10 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇതിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. നഗര പരിധിയിൽ തന്നെ താലൂക്ക് ആസ്ഥാന മന്ദിരത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നംകുളം താലൂക്കിൽ നിന്നും 3000 പട്ടയങ്ങൾ വിതരണം ചെയ്തുവെന്നും മന്ത്രി എ സി മൊയ്തീൻ കൂട്ടിച്ചേർത്തു.

## ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ സാമൂഹിക ഉത്തരവാദിത്വം : മുരളി പെരുനെല്ലി എം.എൽ.എ

ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ സാമൂഹിക ഉത്തരവാദിത്വമെന്ന് മുരളി പെരുനെല്ലി എം.എൽ.എ. എളവള്ളി ഗ്രാമപഞ്ചായത്ത് ഓപ്പൺ സ്റ്റേഡിയത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പ്രകാശനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൈവവൈവിധ്യങ്ങളുടെ വംശനാശം മനുഷ്യന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നും അദ്ദേഹം കൂടിച്ചേർത്തു.

എളവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട നാട്ടറിവുകൾ, ജൈവസമ്പത്ത്, ചരിത്രം, കലാ-സാംസ്കാരിക പാരമ്പര്യം, നാട്ടുവൈദ്യം, പ്രാദേശിക ചരിത്ര പഠനങ്ങൾ തുടങ്ങി വിവരങ്ങളാണ് പഞ്ചായത്തിന്റെ ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എട്ട് അംഗ ജൈവവൈവിധ്യ പരിപാലന സമിതിയുടെ കീഴിൽ 16 വാർഡുകളിലായി 17 പേരടങ്ങുന്ന വളണ്ടിയർമാരാണ് വാർഡുകളിൽ നിന്നായി വിവരങ്ങൾ ശേഖരിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടത്.

എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് യു.കെ. ലതിക അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് മുഖ്യാതിഥിയായി. മുഖ്യ പ്രഭാഷണം എൻ.ജെ. ജെയിംസ് മാസ്റ്റർ നിർവ്വഹിച്ചു. എളവള്ളി ഗ്രാമപഞ്ചായത്ത് വൈസ്-പ്രസിഡണ്ട് ടി.ഡി.സുനിൽ, ജൈവ വൈവിധ്യ വകുപ്പ് ജില്ലാ കോ-ഓഡിനേറ്റർ ഫെബിൻ ഫ്രാൻസിസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ടി.ആർ.ലീല, കെ.എസ്. സദാനന്ദൻ, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ പി.ജി.സുബിദാസ്, മെമ്പർമാരായ കെ.ആർ. രഞ്ജിത്ത്, കെ.ഒ. ബാബു എന്നിവർ ആശംസകൾ നേർന്നു. ജൈവവൈവിധ്യ പരിപാലന സമിതി കൺവീനർ ഷാജി കാക്കശ്ശേരി സ്വാഗതവും എളവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തോമസ് എലിയാസ് രാജൻ നന്ദിയും പറഞ്ഞു.

***അടിക്കുറിപ്പ്: എളവള്ളി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ മുരളി പെരുനെല്ലി എം.എൽ.എ. പ്രകാശനം ചെയ്യുന്നു.***

## കയ്പമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സായാഹ്ന ഒ.പി.

സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതി പ്രകാരം കയ്പമംഗലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സായാഹ്ന ഒ.പി. ആരംഭിച്ചു. ഉച്ചക്ക് 1 മുതൽ 5 വരെയാണ് ആഴ്ചയിൽ ആറ് ദിവസം സായാഹ്ന ഒ.പി. സൗകര്യം ഒരുക്കിയിരിക്കുന്നത്. ഞായറാഴ്ച്ചകളിൽ ഒ.പി ഉണ്ടായിരിക്കില്ല. കയ്പമംഗലം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഒരു ഡോക്ടറേയും ഒരു സ്റ്റാഫ് നഴ്സിനെയും നിയമിച്ചിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു സായാഹ്ന ഒ.പി.യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ഖദീജ പുതിയ വീട്ടിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺ അജീഷ നവാസ്, പഞ്ചായത്തംഗങ്ങളായ പി.എ.സജീർ, കെ.എ.സൈനുദ്ദീൻ, അഖില വേണി, ജിസിനി ഷാജി, ഫൗസിയ ഷെമീർ, മെഡിക്കൽ ഓഫീസർ ഡോ.അനു ബേബി, ഹെൽത്ത് ഇൻസ്പെക്ടർ റോയ് ജേക്കബ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എം.എസ്.ബിനോജ്, പി.വി. സുനിൽകുമാർ, എം.എം.സക്കീർ എന്നിവർ സംസാരിച്ചു.

## പ്രളയം: കർഷകർക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്തു

പ്രളയത്തിൽ കൃഷിനാശം സംഭവിച്ച എടത്തിരുത്തി പഞ്ചായത്തിലെ കർഷകർക്ക് പച്ചക്കറിതൈകൾ, ടൂൾ കിറ്റ് എന്നിവ വിതരണം ചെയ്തു. കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ഓരോ ജെ.എൽ.ജി.ഗ്രൂപ്പ് കർഷകർക്കും 5000 രൂപയുടെ ടൂൾ കിറ്റും പച്ചക്കറിതൈകളുമാണ് വിതരണം ചെയ്തത്. 28 ജെ.എൽ.ജി ഗ്രൂപ്പുകൾക്കാണ് സഹായം ലഭിച്ചത്. എടത്തിരുത്തി കാളിക്കുട്ടി സാംസ്ക്കാരിക നിലയത്തിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് വിതരണോദ്ഘാടനം നിർവ്വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ടി.വി.മനോഹരൻ അധ്യക്ഷത വഹിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ ഐഷാബി മുഹമ്മദ്, ബ്ലോക്ക് പഞ്ചായത്തംഗം ഷീന വിശ്വൻ, വികസന കാര്യ സ്റ്റാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺ ഗീതാ മോഹൻദാസ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺ രഞ്ജനി സത്യൻ, നീതു അരുൺദേവ് , ഷീജ സോമൻ എന്നിവർ സംസാരിച്ചു.

## കേരളോത്സവം 4500 പേർക്ക് ഭക്ഷണമൊരുക്കി കുടുംബശ്രീ

തൃശൂർ നഗരത്തിൽ വിവിധ വേദികളിലായി നടക്കുന്ന കേരളോത്സവത്തിൽ ദിനം പ്രതി 4500 ഓളം പേർക്ക് കുടുംബശ്രീ ഭക്ഷണമൊരുക്കുന്നു. നവംബർ 30 മുതൽ ഡിസംബർ 7 വരെ വിവിധ കുടുംബശ്രീ കഫെ യൂണിറ്റുകളിലൂടെയാണ് ഭക്ഷണം വിതരണം ചെയ്യുന്നത്. പൂർണമായും ഹരിത പെരുമാറ്റ ചട്ടം പാലിച്ചാണ് ഭക്ഷണ വിതരണം നടത്തുന്നത്. ഇതിനായി കുടുംബശ്രീയുടെ മറ്റൊരു സംരംഭമായ ഇവന്റ് മാനേജ്മെന്റ് ടീമിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. തൃശൂർ ഗവ എഞ്ചിനീയറിംഗ് കോളേജ്, വി കെ എൻ സ്റ്റേഡിയം, മോഡൽ ബോയ്സ് സ്കൂൾ, മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ബാനർജി ക്ലബ്, വിവേകോദയം സ്കൂൾ, ജില്ലാ പഞ്ചായത്ത്, കൈപ്പറമ്പ് ഗ്രൗണ്ട് എന്നീ വേദികളിൽ നടക്കുന്ന കായിക മത്സരങ്ങളോടനുബന്ധിച്ചാണ് ഭക്ഷണ വിതരണം നടത്തുന്നത്.

## ഭിന്നശേഷി ദിനാചരണം
## ഇന്ന് (ഡിസം. 3)

ലോക ഭിന്നശേഷി ദിനമായ ഡിസംബർ മൂന്നിന് എൻഐപിഎംആറിന്റെ നേതൃത്വത്തിൽ നടീൽ വസ്തുക്കളുടെ ഉൽപാദനത്തിൽ ഭിന്നശേഷിക്കാരായവരുടെ പരിപാലകർക്കും സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുമായി ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. തൃശൂർ കൃഷി വിജ്ഞാൻ കേന്ദ്രം അസി. പ്രൊഫ. എസ് ഷമീന ഹോർട്ടികൾച്ചർ ക്ലാസ്സ് നയിക്കും. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷി മേഖലയിലെ ഇടപെടലുകൾ എന്ന വിഷയ ത്തിൽ ഡോ. ജോയ് മഞ്ഞിലയും ഡോ. സന്തോഷ് ബാബുവും സെമിനാർ നയിക്കും. ഭിന്നശേഷി കുട്ടികളുടെ കലാപരിപാടികളുണ്ടാവും.

# ഇന്റേൺഷിപ്പ്

എറണാകുളം കെൽട്രോൺ നോളജ് സെന്ററിൽ ലിനക്സ്, പിഎച്ച്പി ഇന്റൺഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ബി ടെക്/ബി ഇ പൂർത്തിയായവർക്കും ഫലം പ്രതീക്ഷക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ: 8089245760.

# റേഷൻവിതരണം

നവംബറിലെ റേഷൻ വിതരണം നാളെ (ഡിസംബർ നാല്) വരെ ദീർഘിപ്പിച്ചിട്ടുണ്ട്. എല്ലാ ഉപഭോക്താക്കളും ഡിസംബർ നാലിനകം അവരവർക്ക് അർഹതപ്പെട്ട റേഷൻ കൈപ്പറ്റേണ്ടതാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

# നിർദ്ദേശം ക്ഷണിച്ചു

സാമൂഹ്യപ്രശ്നങ്ങൾ നേരിടുന്ന മിശ്ര വിവാഹദമ്പതികൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനുള്ള സെയ്ഫ് ഹോമിൽ പരമാവധി 10 ദമ്പതികൾക്ക് ഒരേ സമയം താമസസൗകര്യം ഒരുക്കാൻ കഴിയുന്ന സന്നദ്ധ സംഘടനകളിൽ നിന്നും സാമൂഹിക നീതി വകുപ്പ് നിർദ്ദേശം ക്ഷണിച്ചു. താമസകാലയളവിൽ ദമ്പതികൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഹോമിൽ ലഭ്യമാക്കണം. താൽപര്യമുള്ള സന്നദ്ധ സംഘടനകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഡിസംബർ ആറിനകം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലോ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാം നില, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 0487 2321702.

# അംശദായ സിറ്റിങ്

കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് അംശദായം സ്വീകരിക്കുന്നതിന് സിറ്റിങ്ങ് നടത്തുന്നു. തീയതി, പഞ്ചായത്ത് / മുനിസിപ്പാലിറ്റി യഥാക്രമം. ഡിസംബർ 10-പാറളം, 12-പൊയ്യ, 17-ചാഴൂർ, 19-ചേർപ്പ്, 21-കൂർക്കഞ്ചേരി, 28-മുരിയാട്. 24 മാസം വരെയുള്ള അംശദായം സിറ്റിങ്ങിൽ സ്വീകരിക്കും. മുൻകൂട്ടി ക്ഷേമനിധി ഓഫീസിൽ അപേക്ഷ നൽകിയവരെ മാത്രമാണ് സിറ്റിങ്ങിൽ അംഗങ്ങളായി ചേർക്കുക. സ്കൂൾ സർട്ടിഫിക്കറ്റ് / ആധാർ കാർഡ് / തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബാങ്ക് പാസ് ബുക്കിന്റെ ആദ്യത്തെ പേജ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അസ്സലും അപേക്ഷയോടൊപ്പം നൽകണം. ഫോൺ: 0487-2386754.

# പാസ്ബുക്ക് കൈപ്പറ്റണം

കർഷക തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക് കൈപ്പറ്റാത്ത പുതിയ അംഗങ്ങൾ ഡിസംബർ പത്തിനകം ക്ഷേമനിധി ഓഫീസിൽ നിന്നും കൈപ്പറ്റണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0487-2386754.

# രാത്രികാല ഷോപ്പിംഗ് ഫെസ്റ്റിവൽ സ്വാഗതസംഘം ഓഫീസ് തുറന്നു

നഗരത്തിൽ ഡിസംബർ 15 മുതൽ ജനുവരി 15 വരെ നടക്കുന്ന ഹാപ്പി ഡേയ്സ് രാത്രി കാല ഷോപ്പിംഗിന് എല്ലാ സഹായവും നൽകുമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ അറിയിച്ചു. തൃശൂർ പാലസ് റോഡിൽ ചേംബർ ഓഫ് കോമേഴ്സ് കെട്ടിടത്തിൽ ഷോപ്പിംഗ് ഫെസ്റ്റിവൽ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകആയിരുന്നു മന്ത്രി. തൃശൂർ നഗരത്തിൽ തുടങ്ങി വെക്കുന്ന രാത്രികാല ഷോപ്പിംഗ് മറ്റു ജില്ലകൾക്ക് മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. ഷോപ്പിംഗ് ഫെസ്റ്റിവൽ ജനറൽ കൺവീനർ ടി എസ് പട്ടാഭിരാമൻ അധ്യക്ഷത വഹിച്ചു. കോർപറേഷൻ മേയർ അജിതാ വിജയൻ, ഡെപ്യൂട്ടി മേയർ റാഫി ജോസ് പി, ഡി പി സി മെമ്പർ വർഗീസ് കണ്ടംകുളത്തി, ചേംബർ ഓഫ് കോമേഴ്സ്

പ്രസിഡന്റ് ടി ആർ വിജയകുമാർ, സെക്രട്ടറി എം ആർ ഫ്രാൻസിസ്, ട്രെഷറർ ടി എ ശ്രീകാന്ത് തുടങ്ങിയവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: ഹാപ്പി ഡേയ്സ് രാത്രി കാല ഷോപ്പിംഗ് ഫെസ്റ്റിവൽ സ്വാഗതസംഘം ഓഫീസ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.***

### രാത്രികാല ഷോപ്പിംഗ്

## ടൗണിലേക്ക് വാഹനങ്ങൾക്ക് പ്രവേശനം ഉണ്ടാകുമെന്ന് സംഘാടക സമിതി

ഡിസംബർ 15 മുതൽ ജനുവരി 15 വരെ നടക്കുന്ന രാത്രികാല ഷോപ്പിംഗ് വേളയിൽ ടൗണിലേക്ക് എല്ലാ വാഹനങ്ങൾക്കും പ്രവേശനം ഉണ്ടാകുമെന്നു സംഘാടക സമിതി അറിയിച്ചു. പുൽക്കൂട് മത്സരങ്ങൾ നടക്കുന്നത് ശക്തൻ നഗർ, ഈസ്റ്റ് ഫോർട്ട്, വെസ്റ്റ് ഫോർട്ട്, വഞ്ചികുളം എന്നീ സ്ഥലങ്ങളിൽ മാത്രമാണ്. ഒരു സ്ഥലവും മതിലുകളോ, അതിർത്തികളോ കെട്ടി തിരിക്കുന്നതല്ല. തൃശൂർ തേക്കിൻകാട് മൈതാനിയിൽ പുതു വർഷ പരിപാടികൾ മാത്രമാണ് നടക്കുക എന്നും സംഘാടകർ അറിയിച്ചു.

## പാത്തുവിന് ഭിന്നശേഷി സൗഹാർദ്ദ വീടൊരുങ്ങുന്നു

ഭിന്നശേഷി സൗഹാർദത്തിന്റെ കരുത്തിൽ വീടൊരുക്കി കേരളത്തിന് മാതൃകയാവുകയാണ് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിലേഷൻ സെന്റർ. 2018 ലെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എൻ ഐ പി എം ആറിലെ സെറിബ്രൽ പാൾസി സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥിയായ അന്നമനട കല്ലൂർ സ്വദേശി പെന ങ്ങോട്ടിപ്പറമ്പിൽ ഫാത്തിമ അബ്ദുൾ നാസറിനാണ് ഭിന്നശേഷി സൗഹാർദ്ദമായി വീട് നിർമ്മിച്ച് നൽകുന്നത്. എൻ ഐ പി എം ആറിലെ 55 സ്റ്റാഫുകളിൽ നിന്ന് പിരിച്ചെടുത്ത എട്ട് ലക്ഷം രൂപ ചിലവഴിച്ചാണ് വീടിന്റെ നിർമ്മാണം. സെറിബ്രൽ പാൾസി ബാധിച്ച ഫാത്തിമക്ക് സൗകര്യപ്രദമാവുന്ന രീതിയിലാണ് വീടിന്റെ രൂപകൽപ്പന . വീൽ ചെയ്തിനായി റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. പര സഹായം ഇല്ലാതെ പിടിച്ചു നടക്കാനായി ബാത്ത്റൂം അടക്കമുള്ള സ്ഥലങ്ങളിൽ ചുവരുകളോടൊപ്പം ഗ്രാബ് ബാറുകാർ സജ്ജീകരിച്ചിരിക്കുന്നു. 430 സ്ക്വയർ ഫീറ്റിൽ രണ്ടു മുറികളും ഹാളും അടുക്കളയും അടങ്ങുന്ന സൗകര്യങ്ങളാണ് ഉള്ളത്. വീടിന്റെ ഡിസൈൻ വർക്കിലും പ്രകടമായ മാറ്റം കാണാം. പതിവിൽ നിന്നും വ്യത്യസ്തമായി പ്രാദേശികമായി ലഭിക്കുന്ന നിർമ്മാണ വസ്തുക്കൾ വീടിന്റെ മോടികൂട്ടാനായി ഉപയോഗിച്ചിരിക്കുന്നു. കയർ, വെട്ടുകല്ല് എന്നിവ ഉപയോഗിച്ചുള്ള അലങ്കാരങ്ങൾ ഈ ഭിന്നശേഷി സൗഹാർദ വീടിന്റെ മോടികൂട്ടുന്നു. എൻ ഐ പി എം ആറിൽ നിന്നുള്ള നിർദ്ദേശപ്രകാരം ആർക്കിട്ടെക്റ്റ്ർ കെ ജി ദേവപ്രിയനാണ് കരുതൽ നിറഞ്ഞു നിൽക്കുന്ന വീട് രൂപകൽപ്പന ചെയ്തത്. ഫാത്തിമയും അനിയൻ അഫ്സലും അമ്മ സീനത്തും അടങ്ങുന്ന കുടുംബമാണ് പുതിയ വീട്ടിൽ താമസിക്കാനൊരുങ്ങുന്നത്. പ്രളയത്തിൽ വീട് നഷ്ടപെട്ടപ്പോൾ അനുഭവിച്ച കഷ്ടതകൾക്ക് ഇപ്പോൾ എൻ ഐ പി എം ആറിലൂടെ അവസരമായതായി സീനത്ത് പറയുന്നു. ആദ്യം സംസാരിക്കാൻ കഴിയാത്ത കുട്ടിയായിരുന്നു ഫാത്തിമ. എൻ ഐ പി എം ആറിൽ എത്തി ചികിത്സ ആരംഭിച്ചതോടെ സംസാരിക്കാൻ തുടങ്ങി. വീട് നിർമ്മിക്കുന്നതിലൂടെ എൻ ഐ പി എം ആർ പുതിയ മാതൃത സൃഷ്ടിക്കുകയാണ്.

***അടിക്കുറിപ്പ്: എൻ ഐ പി എം ആറിന്റെ തണലിൽ പാത്തുവിന് വേണ്ടി നിർമ്മിച്ച വീട്***

## തീയതി നീട്ടി

മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഈ അദ്ധ്യ യന വർഷത്തേക്കുള്ള സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 24 വരെ ദീർഘിപ്പിച്ചതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## സിവിൽ സർവീസ് പരിശീലനം

വിവിധ തൊഴിലാളി ക്ഷേമബോർഡുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും തിരുവനന്തപുരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൽ സിവിൽ സർവീസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് യോഗ്യത. 2020 ആഗസ്റ്റ് ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം. പിന്നോക്ക വിഭാഗക്കാർക്കും ഭിന്നശേഷിക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ വിദ്യാഭ്യാസം, പ്രായം, ജാതി എന്നിവ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട ക്ഷേമ ബോർഡുകളിൽ നിന്നും ലഭിക്കുന്ന നിന്ന് ലഭിക്കുന്ന ബന്ധുത്വ സർട്ടിഫിക്കറ്റും സഹിതം എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ ഡിസംബർ പത്തിനകം അപേക്ഷ നൽകണം. ഫോൺ: 0487 2446545.

## ഓൺലൈനായി അപേക്ഷിക്കണം

ജില്ലയിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും അപ്രന്റീസ് പരിശീലനം പൂർത്തിയാക്കിയവർക്ക് അഖിലേന്ത്യാ അപ്രന്റീസ് ട്രേഡ് ടെസ്റ്റിന് ഓൺലൈനായി അപേക്ഷിക്കാം. 2016 ഒക്ടോബർ 16 നും 2017 ഏപ്രിൽ 15 നും ഇടയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് അവസാന അവസരമാണിത്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റും ആധാർ കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം ഡിസംബർ ഏഴിനകം അയ്യന്തോൾ സിവിൽ സ്റ്റേഷനിലുള്ള ആർ ഐ സെന്ററിൽ നേരിട്ട് എത്തണമെന്ന് ട്രെയിനിങ് ഓഫീസർ അറിയിച്ചു. ഫോൺ: 0487 2365122.

## പ്രവാസി സഹകരണസംഘങ്ങൾക്ക് നോർക്ക റൂട്ട്സ് മുഖേന ധനസഹായം : തീയതി നീട്ടി

നോർക്ക റൂട്ട്സ് മുഖേന പ്രവാസി മലയാളികളുടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൻ കീഴിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15 വരെ നീട്ടി. അപേക്ഷ ഫോറം നോർക്ക റൂട്ട്സ് വെബ്സൈറ്റായ www.norkaroots.org ൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ആവശ്യരേഖകളായ ഭരണസമിതി തീരുമാനം, പദ്ധതി രേഖ, ഏറ്റവും പുതിയ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്, താൽകാലിക കടധനപട്ടിക എന്നിവയുടെ പകർപ്പുകൾ സഹിതം ഡിസംബർ 15 നകം ചീഫ് എക്സിക്ക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ് , മൂന്നാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.norkaroots.org ലും 18004253939(ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തുനിന്നും മിസ്ഡ്കാൾ സേവനം) ടോൾഫ്രീ നമ്പരിലും ലഭിക്കും.

## 'ദിഷ' അവലോകന യോഗം 23 ലേക്ക് മാറ്റി

ഡിസംബർ 12 ന് നടത്താൻ നിശ്ചയിച്ച 'ദിഷ' അവലോകന യോഗം ഡിസംബർ 23 രാവിലെ പത്തിന് തൃശൂർ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ നടക്കുമെന്ന് ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ അറിയിച്ചു. ഫോൺ: 0487-2365719, 2365720.